പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4774 — 29.06.2012 ൽ മറുപടിയ്ക്ക്

## ശ്രുതിതരംഗം പദ്ധതി

ചോദ്യം

ശ്രീ. വർക്കല കഹാർ

„ എ.റ്റി. ജോർജ്

„ അൻവർ സാദത്ത്

„ വി.പി. സജീന്ദ്രൻ

ഉത്തരം

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | 'ശ്രുതിതരംഗം' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് ശ്രുതിതരംഗം പദ്ധതി. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്. ശ്രുതി തരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയ്ക്കുവേണ്ടി ഒരു കുട്ടിയ്ക്ക് നിലവിൽ 4,56,521/- രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകുകയും അതിനുശേഷം മാപ്പിംഗിനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപ അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; | (ബി) | രണ്ട് ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ 0 -3 വയസ്സു വരെയുള്ള കുട്ടികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. എന്നാൽ മൂന്ന് വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് പരിശോധനയിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ ഫലം ലഭിക്കുവാൻ സാധ്യതയുണ്ട് |

| | | | |
|---|---|---|---|
| | | | എന്ന് ഡോക്ടർമാരുടെ കമ്മറ്റി കണ്ടെത്തി ശുപാർശ ചെയ്യുകയാണെങ്കിൽ പരമാവധി 5 വയസ്സു വരെ പ്രത്യേക പരിഗണന നൽകി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) | പദ്ധതിയുടെ നടത്തിപ്പിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എങ്ങനെയാണ് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധനം സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രുതി തരംഗം പദ്ധതിയുടെ നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ